**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1970** **12-09-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ഇൻഷുറൻസ് പ്രീമിയം തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിലെ കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അധികരിച്ച സുരക്ഷ നൽകുന്നതിന്റെ ഭാഗമായി എസ്.ബി.ഐ. യുടെ പ്രൈവറ്റ് സബ്സിഡിയറി കമ്പനിയുമായി എന്തെങ്കിലും ഇടപാട് കെ.എസ്.ആർ.ടി.സി. ഈ വർഷം നടത്തിയിരുന്നോ; | (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതിന്റെ ഭാഗമായി SBI ജനറൽ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം എടുത്തിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് പ്രകാരം ആരംഭിച്ച ഇൻഷ്വറൻസിന്റെ പ്രീമിയം തുകയായി 500 രൂപ തൊഴിലാളികളുടെ അനുമതി വാങ്ങാതെ സാലറി അക്കൗണ്ടുകളിൽനിന്നും പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി നീതിക്ക് നിരക്കുന്നതായി കരുതുന്നുണ്ടോ; | (ബി) | SBI ജനറൽ ഇൻഷ്വറൻസ് പദ്ധതിയിൽ മുൻവർഷങ്ങളിൽ ഒഴിവായ ജീവനക്കാർക്ക് പ്രസ്തുത സ്കീമിൽ ചേരുവാൻ അവസരം നൽകിയും, കൂടാതെ ടി സ്കീമിൽ തുടരുവാൻ താൽപര്യമില്ലെങ്കിൽ ടി ജീവനക്കാരുടെയും അപേക്ഷ പ്രകാരവുമുള്ള ലിസ്റ്റ് തയ്യാറാക്കി SBI-യ്ക്ക് അയച്ച ശേഷമാണ് ഇൻഷ്വറൻസ് തുകയായ 500/- രൂപ ഈടാക്കിയത്. |
| (സി) | തങ്ങളുടെ അനുമതിയില്ലാതെ സാലറി അക്കൗണ്ടുകളിൽനിന്നും പിൻവലിച്ച ഇൻഷ്വറൻസ് പ്രീമിയം തുക തിരികെ ആവശ്യപ്പെടുന്നവർക്ക് മടക്കി നല്കാൻ നിർദേശം നൽകുമോ; എങ്കിൽ അതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | SBI ജനറൽ ഇൻഷ്വറൻസ് പദ്ധതിയിൽ തുടരുവാൻ താൽപര്യമില്ലാത്ത ജീവനക്കാരുടെ വിവരം കെ.എസ്.ആർ.ടി.സി.യുടെ അതാത് യൂണിറ്റ് / ജില്ലാ ഓഫീസിൽ നിന്നും ശേഖരിച്ച് ലിസ്റ്റ് തയ്യാറാക്കിയ ശേഷം മാത്രമാണ് പ്രീമിയം തുക 500/- ഈടാക്കുന്നതിന് SBI-യ്ക്ക് നിർദ്ദേശം നൽകിയത്. ടി ലിസ്റ്റിൽ ഉൾപ്പെട്ട അംഗത്വം എടുക്കാത്ത ജീവനക്കാരിൽ നിന്നും പ്രീമിയം തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ടി വിവരം SBI-യിൽ അറിയിച്ച് തുക ഈടാക്കിയത് ഒഴിവാക്കി തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ